


**Week 10 (February 18_2024)**

1) What is the highlight of the prayer *Laku Mara* in the East Syriac liturgy?
The hymn highlights *M'shiha's* salvific and redemptive act and it glorifies him as the Resuscitator.

2) What is the significance of the concluding expression 'Lord of all' in the prayers of the East Syriac Qurbana?
The expression underscores the universal Lordship of *M'shiha*.

3) What does the expression Laku Mara signify in relation to *M'shiha*?
The Laku Mara denotes the trans-historical Lordship and universal significance of *M'shiha*

4) What is the central theme of the Mar Addai and Mar Mari Anaphora?
It is the affirmation of M'shiha as the mediator of salvation.

5) What is the focus of 3rd G'hantha of the Anaphora of Mar Nesthorius?
Anaphora of Mar Nestorius emphasises a descending Christology which discusses M'shiha's self-emptying.

6) How does the East Syrian Liturgical Prayer's affirmation of both a rational and immortal soul, along with a mortal body, contradict the Apollinarian view and respond to docetism regarding M'shiha's nature?
The prayer explicitly rejects Apollinarianism by maintaining that the Word did not replace the rational part of M'shiha's soul. Additionally, it addresses docetism by emphasizing the reality of M'shiha's mortal body, aligning with the perspective of Syriac Fathers like Mar Aphrahat and Mar Aprem, who believe salvation originates from M'shiha's human body.

7) Why is Sunnahadose of Chalcedon (451) considered acceptable to the East Syriac Church?
Because the Christology of the Sunnahadose of Chalcedon aligns with Christological beliefs of East Syriac Church.

8) What was the significance of the Sunnahadose of Chalcedon in addressing the question of the duality in M'shiha according to the Synodicon Orientale?
The Sunnahadose of Chalcedon emphasized the duality in M'shiha's natures, a concern shared by Antiochenes and Persians. Despite holding M'shiha as one, the Son of Alaha, they struggled with the explanation of duality through concepts like 'natural' and 'hypostatic union' influenced by figures like Mar Theodore of Mopsuestia.

9) Why did the East Syriac Church express discontent with the term 'one hypostasis' of Sunnahadose of Chalcedon?
The East Syriac Church objected to the use of 'one hypostasis' as they perceived hypostasis as an individual nature (Qnoma), while the term implies one person in its definition, leading to a lack of clarity in the terminologies used.

10) What was the main foundation for the ecclesiological reflections of the early Syriac Fathers, frequently expressed through typological and symbolical language?
The primary source for the ecclesiological meditations of the early Syriac Fathers is the Scripture.

11) What is typology in early Christian practices, particularly among Jewish Christians, and how does it involve reading the Old Testament?
The focus of typology is not only on Alaha's historical intervention in Israel but on uncovering a hidden mystery (raza). This mystery, is believed to be fulfilled in the Christ event or within the mystery of the Church, and it is graspable only through the eyes of faith.

12) What theological presupposition do the Fathers, particularly Mar Aphrahat and Mar Aprem, hold when reading the Old Testament, aiming to find connections to M'shiha and the Church?
The theological presupposition is that the same Alaha guided the original events in the Old Testament for subsequent revelation, inspired the Old Testament writers for future instruction, guided the events of M'shiha's life and the Church, and inspired the New Testament writers to emphasize the unity of Alaha's dispensation.

13) How does Mar Aphrahat beautifully express presupposition in his demonstration IV, specifically in relation to Patriarch Yacov's (Son of Isac) prayer?
Mar Aphrahat eloquently expresses presupposition by highlighting in his demonstration IV the 'mystery' [raza] of the calling of the Gentiles through Patriarch Yacov's prayer.

14) What challenges are involved in tracing and interpreting biblical types and symbols applied to the Church by early Syriac writers like Mar Aphrahat and Mar Aprem?
Both Mar Aphrahat and Mar Aprem faced challenges in revealing inherited traditions of midrashic exegesis and symbolism. The biblical titles they use offer insights into the early Syriac Church's consciousness of nature of Church which is distinct from the modern concept of 'ecclesiology.'

15) Where do we find the monastic life, and why is it sometimes referred to as "proto

monasticism"?
Scholars highlight that the informal beginnings of monastic life trace back to Syriac Christianity, commonly known as "proto monasticism."
16) What is the ecclesiological significance of the term 'qyama' in Mar Aphrahat's Demonstration V?
In Mar Aphrahat's writings 'qyama' denotes a clear ecclesiological meaning, highlighting that the entirety of Alaha's qyama is free from the influence or burden imposed by kings and princes.

17) What role do the Kahnas play in Demonstration VII?
In Demonstration VII, the Kahnas convene the entire qyama during Mammodisa ceremonies.

18) In Carmina Nisibena, how does Mar Aprem connect the term qyama with ecclesiological concepts, and what does E. Beck propose about the relationship between qyama and the Church?
Mar Aprem draws a parallel between the terms qyama and 'church,' suggesting an implicit ecclesiological significance. E. Beck proposes that in this context, qyama may signify the 'elite church' or the 'church within the Church'.

19) How does Mar Aphrahat perceive Christian freedom?
Mar Aphrahat views Christian freedom as the paramount gift granted to those who unite with the Church.

20) Do we find any reference regarding the Church's role in the early Syriac sources when discussing the divine dispensation?
In the early Syriac sources, profound beliefs about the Church's significance are revealed, whether explicitly or implicitly, while delving into discussions on the divine dispensation.

**Week 10 (February 18_2024)**

1. പൗരസ്ത്യ സുറിയാനി ആരാധനക്രമത്തിലെ ലാകു മാറ എന്ന പ്രാർത്ഥനയുടെ പ്രധാന ആശയം എന്താണ്?
ഈ ഗീതം മിശിഹായിലൂടെ സംഭവിച്ച രക്ഷയേയും വീണ്ടെടുപ്പിനെയും ഉയർത്തിക്കാട്ടുകയും അവിടുത്തെ പുനർജ്ജീവിപ്പിക്കുന്നവനായി ഏറ്റുപറഞ്ഞ് മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

2. പൗരസ്ത്യ സുറിയാനി കുർബാനയിലെ പ്രാർത്ഥനകളിൽ 'സകലത്തിന്റെയും നാഥൻ' എന്ന സമാപന പ്രയോഗത്തിന്റെ പ്രസക്തി എന്താണ്?
ഈ പ്രയോഗം മിശിഹായുടെ സാർവ്വത്രിക കർത്തൃത്വത്തെ അടിവരയിടുന്നു.

3. മിശിഹായുമായി ബന്ധപ്പെട്ട് ലാക്മാറ എന്ന പ്രയോഗം എന്താണ് സൂചിപ്പിക്കുന്നത്?
ലാക് മാറ എന്നത് മിശിഹായുടെ ചരിത്രാതീതമായ കർത്തൃത്വത്തെയും സാർവ്വത്രിക പ്രാധാന്യത്തെയും സൂചിപ്പിക്കുന്നു.

4. മാർ അദ്ദായിയുടെയും മാർ മാറിയുടെയും അനാഫൊറയുടെ കേന്ദ്ര പ്രമേയം എന്താണ്?
മിശിഹായെ രക്ഷയുടെ മദ്ധ്യസ്ഥനായി ഏറ്റുപറയുന്നതാണ് കേന്ദ്രപ്രമേയം.

5. മാർ നെസ്തോറിയസിന്റെ അനാഫോറയിലെ മൂന്നാം ഗ്ഹന്തയിൽ എന്തിനാണ് ഊന്നൽ നൽകുന്നത്?
മിശിഹായുടെ ശൂന്യവത്കരണം പ്രതിപാദിക്കുന്ന അവരോഹണ ക്രിസ്റ്റോളജിയ്ക്കു പ്രാധാന്യം നല്കുന്നു.

6. പൗരസ്ത്യ സുറിയാനി ആരാധനക്രമ പ്രാർത്ഥനയിലെ മിശിഹായുടെ മർത്യമായ ശരീരത്തെയും അമർത്ത്യവും ദൈവികവുമായ ആത്മാവിനെയുംകുറിച്ചുള്ള പ്രതിപാദനം എങ്ങനെയാണ് അപ്പോളിനാരിസം എന്ന പാഷണ്ഡതയ്ക്ക് വിരുദ്ധമാവുകയും ഡൊസെറ്റിസം എന്ന പാഷണ്ഡതയെ പ്രതിരോധിക്കുകയും ചെയ്യുന്നത്?
മിശിഹായുടെ ആത്മാവിലെ ദൈവികമായ ഭാഗത്തെ വചനം മാറ്റി സ്ഥാപിച്ചിട്ടില്ലെന്ന് ഏറ്റുപറഞ്ഞു കൊണ്ട് പ്രാർത്ഥന അപ്പോളിനാരിസത്തെ വ്യക്തമായി നിരസിക്കുന്നു. കൂടാതെ മിശിഹായുടെ മനുഷ്യ ശരീരത്തിൽ നിന്നാണ് രക്ഷ ഉത്ഭവിക്കുന്നതെന്ന് വിശ്വസിക്കുന്ന മാർ അഫ്രഹാത്തിനെയും മാർ അപ്രേമിനേയും പോലുള്ള സുറിയാനി പിതാക്കന്മാരുടെ കാഴ്ചപ്പാടുമായി യോജിച്ച്, മിശിഹായുടെ പൂർണ്ണ മനുഷ്യത്വം എന്ന സത്യത്തെ ഊന്നി പറഞ്ഞ് കൊണ്ട് ഡൊസെറ്റിസത്തിന് മറുപടിയാവുകയും ചെയ്യുന്നു.

7. എന്തുകൊണ്ടാണ് കാൽസഡോൺ സൂനഹദോസ് (451) പൗരസ്ത്യ സുറിയാനി സഭയ്ക്ക് സ്വീകാര്യമാകുന്നത്?
പൗരസ്ത്യ സുറിയാനി സഭയുടെ മിശിഹാ വിജ്ഞാനീയ വിശ്വാസസത്യങ്ങളുമായി കാൽസിഡൺ സൂനഹദോസിന്റെ മിശിഹാ വിജ്ഞാനീയം ചേർന്നു പോകുന്നതിനാലാണ് അത് സ്വീകാര്യമാകുന്നത്.

8. സിനഡിക്കോൺ ഓറിയന്റാലെ പ്രകാരം മിശിഹായിലെ ദ്വൈത സ്വഭാവത്തെകുറിച്ചുള്ള ചോദ്യത്തെ അഭിസംബോധന ചെയ്യുന്നതിൽ കാൽസിഡൺ സൂനഹദോസിന്റെ പ്രാധാന്യം എന്ത്?

കാൽസിഡൺ സൂനഹദോസ് മിശിഹായുടെ ദ്വൈത സ്വഭാവം ഊന്നിപ്പറയുന്നു. ഇത് അന്ത്യോക്യൻ പേർഷ്യൻ സഭകളും പങ്കുവച്ച വിഷയമാണ്, ആലാഹയുടെ പുത്രനായ മിശിഹായെ ഒരു വ്യക്തിയായി അവതരിപ്പികുകയും മെപ്സുഎസ്ത്യായിലെ മാർ തെയഡോറിനെപ്പോലുള്ള വ്യക്തികളാൽ സ്വാധീനിക്കപ്പെട്ട 'പ്രകൃതം' 'ഹൈപ്പോസ്റ്റാറ്റിക് യൂണിയൻ' തുടങ്ങിയ ആശയങ്ങളിലൂടെ ദ്വൈതത്തിന്റെ വിശദീകരണം അവർ സ്ഥാപിക്കാൻ പരിശ്രമിച്ചു. .

9. കാൽസിഡൺ സൂനഹദോസിന്റെ 'ഏക സ്വഭാവം' (One hypostasis)എന്ന പദത്തോട് പൗരസ്ത്യ സുറിയാനി സഭ അതൃപ്തി പ്രകടിപ്പിച്ചത്തിന്റെ കാരണമെന്ത്?

പൗരസ്ത്യ സുറിയാനി സഭ 'ഏക സ്വഭാവത്തെ' ഒരു വൈയാക്തിക പ്രകൃതമായി (ക്നോമ) കാണുന്നു. അതേ സമയം ഈ പദം അതിന്റെ നിർവചനത്തിൽ ഒരു വ്യക്തിയെ സൂചിപ്പിക്കുന്നു; ഇത് പ്രയോഗത്തിന്റെ അവ്യക്തതയിലേക്ക് നയിക്കുന്നു.

10. ആദിമ സുറിയാനി പിതാക്കൻമാർ, പ്രതിരൂപാത്മക (Typological) പ്രതീകാത്മക( Symbolic) ഭാഷകളിലൂടെ നിരന്തരം അവതരിപ്പിച്ച സഭാ വിജ്ഞാനീയ വിചിന്തനങ്ങളുടെ ഉറവിടമായി വർത്തിച്ചത് എന്താണ്?

ആദിമ സുറിയാനി പിതാക്കന്മാരുടെ സഭാത്മക ധ്യാനങ്ങളുടെ പ്രധാന ഉറവിടം വിശുദ്ധ ഗ്രന്ഥമായിരുന്നു.

11. ആദിമ ക്രൈസ്തവ വിചിന്തനങ്ങളിൽ, പ്രത്യേകിച്ച് യഹൂദ ക്രിസ്ത്യാനികൾക്കിടയിൽ, ടിപ്പോളജി എന്താണ്? അതിൽ പഴയ നിയമ പ്രമേയങ്ങൾ എങ്ങനെ ഉൾപ്പെടുന്നു?

ടിപ്പോളജിയിൽ ആലാഹായുടെ ചരിത്രത്തിലെ ഇടപെടൽ മാത്രമല്ല, മറഞ്ഞിരിക്കുന്ന ഒരു രഹസ്യം (റാസ) കണ്ടെത്തുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഈ രഹസ്യം, മിശിഹാ സംഭവത്തിലോ സഭയുടെ രഹസ്യാത്മകതയിലൊ പൂർത്തീകരിക്കപ്പെടുമെന്ന് വിശ്വസിക്കപ്പെടുന്നു. അത് വിശ്വാസത്തിന്റെ കണ്ണിലൂടെ മാത്രമേ മനസിലാക്കാൻ സാധിക്കു.

12. പഴയ നിയമം വായിക്കുമ്പോൾ പിതാക്കന്മാർ പ്രത്യേകിച്ച്, മാർ അഫ്രഹാത്തും മാർ അപ്രേമും മിശിഹായും സഭയുമായുള്ള ബന്ധം കണ്ടെത്തുന്നതിനായി എന്തെല്ലാം ദൈവശാസ്ത്ര അനുമാനങ്ങളാണ് പുലർത്തുന്നത്?

അലാഹാ പഴയനിയമത്തിലെ യഥാർത്ഥ സംഭവങ്ങളെ തുടർന്നുള്ള വെളിപാടുകൾക്ക് വഴികാട്ടിയെന്നും പഴയ നിയമ എഴുത്തുകാരെ ഭാവികാല പ്രബോധനങ്ങൾക്കായി പ്രചോദിപ്പിച്ചുവെന്നും മിശിഹായുടെ ജീവിതത്തിലും സഭയിലും നടന്ന സംഭങ്ങളിൽ വഴികാട്ടിയെന്നും. പുതിയ നിയമ എഴുത്തുകാരെ ആലാഹ

യുടെ രക്ഷപദ്ധതിയുടെ ഐക്യത്തെ ഊന്നി പറയാൻ പ്രചോദിപ്പിച്ചുവെന്നുമാണ് ദൈവശാസ്ത്രപരമായ അനുമാനം.

13. പൂർവ്വപിതാവായ യാക്കോബിന്റെ പ്രാർത്ഥനയുമായി ബന്ധപ്പെട്ട്, മാർ അഫ്രഹാത്ത് തന്റെ നാലാം ഡെമോൻസ്ട്രേഷനിൽ എന്താണ് അനുമാനിക്കുന്നത ?

വിജാതിയരെ വിളിച്ച രഹസ്യത്തോടാണ് മാർ അഫ്രഹാത്ത് യാക്കോബിന്റെ പ്രാർത്ഥനയെ തന്റെ അനുമാനങ്ങളിലൂടെ അവതരിപ്പിക്കുന്നത്.

14. മാർ അഫ്രഹാത്ത്, മാർ അപ്രേം തുടങ്ങിയ ആദിമ സുറിയാനി എഴുത്തുകാർ സഭയിൽ ഉപയോഗിക്കപ്പെട്ടിരുന്ന പ്രതിരൂപങ്ങളും പ്രതീകങ്ങളും കണ്ടെത്തുന്നതിലും വ്യാഖ്യാനിക്കുന്നതിലും നേരിട്ട വെല്ലുവിളികൾ എന്തെല്ലാമാണ്?
മിദ്രാഷിക് വ്യാഖ്യാനത്തിലും പ്രതീകാത്മകതയിലും ഉൾചേർന്ന പാരമ്പര്യങ്ങളെ വെളിപ്പെടുത്തുന്നതിലാണ് മാർ അപ്രേമും അഫ്രഹാത്തും പ്രധാനമായും വെല്ലുവിളികൾ നേരിട്ടത്. വിശുദ്ധ ഗ്രന്ഥ പ്രമേയങ്ങളിലൂടെ അവർ അവതരിപ്പിച്ച സഭയുടെ സ്വഭാവം ആധുനിക സഭാ വിജ്ഞാനീയത്തിൽ നിന്നും വ്യത്യസ്ഥമായിരുന്നു.

15. സന്ന്യാസ ജീവിതത്തിന്റെ ഉത്ഭവം എവിടെ നിന്നാണ്?
സന്ന്യാസ ജീവിതത്തിന്റെ അനൗപചാരിക ആരംഭം സുറിയാനി ക്രൈസ്തവരിൽ നിന്നാണ് എന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. പൊതുവേ ഇത് അറിയപ്പെടുന്നത് പ്രാഗ് മൊണാസ്റ്റിസിസം എന്നാണ്.

16. മാർ അഫ്രഹാത്തിന്റെ അഞ്ചാം ഡെമോൻസ്ട്രഷനിലെ `ഖ്യാമ' എന്ന പദത്തിന്റെ സഭാപരമായ പ്രാധാന്യം എന്താണ്?
മാർ അഫ്രഹാത്തിന്റെ രചനയിൽ, `ഖ്യാമ' സഭാപരമായ അർത്ഥത്തെയാണ് സൂചിപ്പിക്കുന്നത്. ആലാഹയുടെ `ഖ്യാമാ' (ഉടമ്പടി) രാജക്കന്മാരും പ്രഭുക്കൻമാരും ചുമത്തിയിരുന്ന സ്വാധീനത്തിൽ നിന്നോ ഭാരത്തിൽ നിന്നോ വ്യത്യസ്ഥമാണെന്ന് അവിടെ എടുത്തു കാണിക്കുന്നു.

17. ഡെമോൻസ്ട്രഷൻ 7 ൽ `കഹനാമാർ' എന്തു പങ്കു വഹിക്കുന്നു?
ഡെമോൺസ്ട്രഷൻ 7 ൽ മാമ്മോദീസാ കർമ്മങ്ങളിൽ കഹനാമാർ മുഴുവൻ ഖ്യാമയും സന്നിവേശിപ്പിക്കുന്നതായാണ് വ്യക്തമാക്കുന്നത്.

18. കർമ്മിന നിസിബനെയിൽ മാർ അപ്രേം ക്യാമ എന്ന പദത്തെ സഭാവിജ്ഞാനീയ പ്രമേയങ്ങളുമായി എങ്ങനെ ബന്ധിപ്പിക്കുന്നു?
ക്യാമയും സഭയും തമ്മിലുള്ള ബന്ധത്തെപ്പറ്റി ഇ. ബെക്ക് എന്ത് നിർദ്ദേശിക്കുന്നു?
മാർ അപ്രേം ക്യാമ, സഭ എന്നീ പദങ്ങളെ സമാന്തരമായാണ് അവതരിപ്പിക്കുന്നത്. ഇത് വ്യക്തമായും സഭയുടെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു. ഈ സന്ദർഭത്തിൽ `ക്യാമ -ശുദ്ധമായസഭ' അല്ലെങ്കിൽ `സഭയ്ക്കുള്ളിലെ സഭ' എന്നിവയെ സൂചിപ്പിക്കാമെന്ന് ഇ. ബെക്ക് അഭിപ്രായപ്പെടുന്നു.

19. മാർ അഫ്രഹാത്ത് ക്രൈസ്തവസ്വാതന്ത്ര്യത്തെ എങ്ങനെയാണ് കാണുന്നത്?
സഭയുമായി ഐക്യപ്പെടുന്നവർക്ക് നല്കപ്പെടുന്ന പരമമായ സമ്മാനമായാണ് ക്രൈസ്തവ സ്വാതന്ത്ര്യത്തെ മാർ അഫ്രഹാത്ത് കാണുന്നത്.

20. ദൈവീക പദ്ധതിയെകുറിച്ച് ചർച്ച ചെയ്യുന ആദ്യകാല സുറിയാനി സ്രോതസ്സുകളിൽ സഭയുടെ പങ്കിനെ കുറിച്ച് എന്തെങ്കിലും പ്രാധാന്യം നാം കണ്ടെത്തുന്നുണ്ടോ?
ആദിമ സുറിയാനി സ്രോതസ്സുകളിൽ ദൈവീക പദ്ധതിയെ കുറിച്ചുള്ള പരാമർഷങ്ങളിൽ സഭയുടെ പ്രാധാന്യത്തെ കുറിക്കുന്ന അഗാധമായ വിശ്വാസങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ വെളിപ്പെടുന്നുണ്ട്.